**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 11.05.2024 മുതൽ 15.05.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 19/2024 (38) വെള്ളിയാഴ്ച | തീയ്യതി 10/05/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 11.05.2024 | 12.05. 2024 | 13.05.2024 | 14.05. 2024 | 15.05.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 3 | 5 | 10 | 4 | 3 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 25 | 25 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 38 | 38 | 38 | 38 | 38 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 230 | 250 | 250 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: 2024 മെയ് 10 ന പാലക്കാട് ജില്ലയിൽ കൂടിയ താപനില ഏകദേശം 36 °C ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | ചെന്നീരൊലിപ്പ് | തെങ്ങിൽ ചെന്നീരൊലിപ്പ് രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇതിനൊരു മുൻകരുതലായി 5 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് തെങ്ങിൻ തടങ്ങളിൽ ചേർത്ത് കൊടുക്കുക. കൂടാതെ 50 ഗ്രാം ട്രൈക്കോഡെർമ വീതം ഓരോ തെങ്ങിലും ജൈവവളങ്ങളുമായി മിക്സ് ചെയ്തു ചുവട്ടിൽ ചേർത്തുകൊടുക്കുക. |
| പച്ചക്കറികൾ | - | പച്ചക്കറി തൈകൾ നടുന്നതിനുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുമ്പോൾ ഒരു സെന്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാം. നഴ്സറി തൈകളിൽ 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 10g സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. തൈകള് നടുന്നതിനോപ്പം മണ്ണില് വേപ്പിന് പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. കീടരോഗ നിയന്ത്രണത്തിന് ജൈവ മാർഗ്ഗങ്ങള് അവലംബിക്കുന്നതാണ് ഉചിതം. ജല സംരക്ഷണത്തിനായി പച്ചക്കറികളിൽ തിരിനന, തുള്ളിനന എന്നിവ അവലംബിക്കുക. |
| പയർ | മുഞ്ഞ | പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയില് ഒരിക്കല് 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കില് 2 0 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിള് ഒരു ലിറ്റര് വെള്ളത്തില് കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: വളർത്തുപക്ഷി മൃഗാധികൾക്ക ആവ്യശ്യത്തിന ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാന് വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).